## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1561

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) എന്നു മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്; | (എ) | 2012 ഫെബ്രുവരി മാസം മുതലാണ് നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ ആർ എൽ എം) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്. |
| (ബി) | പ്രോജക്ടിന്റെ കാലാവധി എന്നു മുതൽ എത്ര വർഷത്തേയ്ക്കാ ണെന്ന് അറിയിക്കുമോ; | (ബി) | 7 വർഷം(2011-12 മുതൽ 2017-18-വരെ) ആണ് പദ്ധതിയുടെ കാലാവധി |
| (സി) | എൻ.ആർ.എൽ.എം.ന്റെ പ്രോജക്ട് പ്രകാരമുള്ള കംപോണന്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-<br>1. **സാമൂഹ്യ പങ്കാളിത്തം (100% അയൽക്കൂട്ട പ്രവേശനം)**- സമൂഹത്തിലെ നിരാലംബരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ കൂടി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.<br>2. **മിതവ്യയ സാമ്പത്തിക പങ്കാളിത്തം (സാമ്പത്തിക ഉൾപ്പെടുത്തൽ)** - അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് പരമാവധി വായ്പാ സംവിധാനം ഉറപ്പുവരുത്തുക, പരിശീലനങ്ങൾ തുടങ്ങിയവ. |

| | | | |
|---|---|---|---|
| | | | 3. ഉപജീവന ഉപാധികൾ - കൃഷി, കൃഷി അനുബന്ധ ഉത്പാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ കൂടുതൽ വിപുലമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങളുടെ വിജയ സാധ്യത വർദ്ധിപ്പിക്കുക.<br>4. വൈദഗ്ദ്ധ്യ പരിശീലനം- പൊതുധാരാ വിപണിയിൽ ലഭ്യമായിട്ടുള്ള തൊഴിൽ സാധ്യതകൾ മുതലെടുക്കുന്നതിന് വൈദഗ്ദ്ധ്യ പരിശീലനം ലഭ്യമാക്കി, പ്ലേസ്മെന്റ് വഴി തൊഴിൽ ഉറപ്പു വരുത്തുക. |
| (ഡി) | പ്രോജക്ട് പ്രകാരം ഓരോ വർഷവും ഓരോ കംപോണന്റിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അടങ്കൽ തുക എത്രയാണെന്നും അതിനനുസൃതമായ ഭൗതിക ലക്ഷ്യം എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | എൻആർഎൽഎം-ന്റെ ഓരോ ഘടകത്തിലുമായി 2012-13 സാമ്പത്തിക വർഷം ആകെ 22.94 കോടി രൂപയും, 2013-14 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 46.96കോടി രൂപയും ലഭിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 19.38കോടി രൂപയും 2013-14 സാമ്പത്തിക വർഷം 35.84 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഓരോ ഘടകത്തിനും ലഭിച്ച തുകയുടെയും ചെലവിന്റെയും കൈവരിച്ചിട്ടുള്ള ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങളും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ഓരോ വർഷവും ഓരോ കംപോണന്റിലും ഉണ്ടായിട്ടുള്ള ചെലവ് എത്രയെന്നും കൈവരിച്ച ഭൗതിക ലക്ഷ്യം എത്ര എന്നും അറിയിക്കുമോ; | (ഇ) | |
| (എഫ്) | പ്രോജക്ട് പ്രകാരമുള്ള സാമ്പത്തിക ഭൗതിക ലക്ഷ്യം കൈവരിക്കാത്തതിനാൽ ഓരോ കംപോണന്റിലും എത്ര തുക കേന്ദ്രത്തിൽ നിന്ന് ഓരോ വർഷവും അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | കേന്ദ്രത്തിൽ നിന്നും തുക അനുവദിക്കുന്നത് സംസ്ഥാനങ്ങളുടെ ദാരിദ്ര്യ അനുപാതം (Poverty Ratio) അടിസ്ഥാനമാക്കിയാണ്. താരതമ്യേന സാമ്പത്തിക ഭദ്രതയുള്ള സംസ്ഥാനങ്ങൾക്ക് 2014-15 -ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് അനുവദിച്ച തുകയിൽ കുറവ് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**